**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3224** **07-10-2025 - ൽ മറുപടിയ്ക്ക്**

**നിലമ്പൂർ നഞ്ചങ്കോട് റെയിൽവേ ലൈൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആര്യാടൻ ഷൗക്കത്ത് | | ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിനും കർണാടകത്തിനും ഇടയിൽ ഹ്രസ്വദൂര കണക്ടിവിറ്റി നൽകുന്ന നിർദിഷ്ട നിലമ്പൂർ -നഞ്ചങ്കോട് റെയിൽവേ ലൈൻ പ്രാവർത്തികമാക്കുന്നതിനുള്ള പ്രവൃത്തികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; | (എ) | നിലമ്പൂർ - നഞ്ചൻകോട് റെയിൽവേ പദ്ധതി, 2016-17 ലെ ഇന്ത്യൻ റെയിൽവേയുടെ പിങ്ക് ബുക്കിൽ ഉൾപ്പെട്ടിട്ടുള്ള പദ്ധതിയാണ്.<br>നിലമ്പൂർ - നഞ്ചൻകോട് റെയിൽ പദ്ധതിയുടെ അന്തിമ ലൊക്കേഷൻ സർവേയ്ക്ക് റെയിൽവേ മന്ത്രാലയം അനുമതി നൽകി ദക്ഷിണ റെയിൽവേ സർവേ ഏറ്റെടുത്തിട്ടുള്ളതുമാണ്. 03.06.2025 ന് ബഹു. മുഖ്യമന്ത്രി, റെയിൽവേ ചുമതലയുള്ള മന്ത്രി എന്നിവർ കേന്ദ്ര റെയിൽവേ മന്ത്രിയുമായി നടത്തിയ കൂടിക്കാഴ്ചയിൽ ഈ പദ്ധതി ഉൾപ്പെടെയുള്ള റെയിൽവേ അടിസ്ഥാന സൗകര്യ വികസന പദ്ധതികളെക്കുറിച്ച് ചർച്ച ചെയ്യുകയും കർണാടക സർക്കാരിൽ സമ്മർദ്ദം ചെലുത്തി ഈ പദ്ധതിക്കാവശ്യമായ അനുമതികൾ ലഭ്യമാക്കാനും സർവേ വേഗത്തിലാക്കാനും അഭ്യർത്ഥിക്കുകയുണ്ടായി. |
| (ബി) | വയനാട് ജില്ല കൂടി റെയിൽവേ ഭൂപടത്തിൽ ഇടം പിടിക്കാൻ ഉതകുന്ന തരത്തിലുള്ള പ്രസ്തുത പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (ബി) | നിലമ്പൂർ - നഞ്ചൻകോട് റെയിൽവേ പദ്ധതി, 2016-17 ലെ ഇന്ത്യൻ റെയിൽവേയുടെ പിങ്ക് ബുക്കിൽ ഉൾപ്പെട്ടിട്ടുള്ള പദ്ധതിയാണ്.<br>നിലമ്പൂർ - നഞ്ചൻകോട് റെയിൽ പദ്ധതിയുടെ അന്തിമ ലൊക്കേഷൻ സർവേയ്ക്ക് റെയിൽവേ മന്ത്രാലയം അനുമതി നൽകി ദക്ഷിണ റെയിൽവേ സർവേ ഏറ്റെടുത്തിട്ടുള്ളതുമാണ്. 03.06.2025 ന് ബഹു. മുഖ്യമന്ത്രി, റെയിൽവേ ചുമതലയുള്ള മന്ത്രി എന്നിവർ കേന്ദ്ര റെയിൽവേ മന്ത്രിയുമായി നടത്തിയ കൂടിക്കാഴ്ചയിൽ ഈ പദ്ധതി ഉൾപ്പെടെയുള്ള റെയിൽവേ അടിസ്ഥാന സൗകര്യ വികസന പദ്ധതികളെക്കുറിച്ച് ചർച്ച ചെയ്യുകയും കർണാടക സർക്കാരിൽ സമ്മർദ്ദം ചെലുത്തി ഈ പദ്ധതിക്കാവശ്യമായ അനുമതികൾ ലഭ്യമാക്കാനും |

| | | | |
|---|---|---|---|
| | | | സർവേ വേഗത്തിലാക്കാനും അഭ്യർത്ഥിക്കുകയുണ്ടായി. |

സെക്ഷൻ ഓഫീസർ